# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3922

20.7.2015 - ൽ മറുപടിയ്ക്ക്

## കയർ മേഖലയെ ശക്തിപ്പെടുത്താൻ ആവിഷ്കരിച്ച കർമ്മ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>'' ലൂഡി ലൂയിസ്<br>'' അൻവർ സാദത്ത്<br>'' വി.ഡി.സതീശൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് കയർ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു.<br>• കയർ മേഖലയിലെ ചകിരിക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിനും ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി **'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും'** എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം നൽകി.<br>• പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു.<br>• അർഹമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-2012, 2012-2013, 2013-2014, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406/-, 8,96,92,648/-, 1,45,25,260/-, 15,84,250/- രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു.<br>• കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300/- രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360/- രൂപയായും വർദ്ധിപ്പിച്ചു.<br>• കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.<br>• കയർപിരി കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-2012 ൽ 1,27,50,175/- രൂപയും, 2012-2013 ൽ 2,07,59,149/- രൂപയും, 2013-2014 ൽ 11,20,75,971/- രൂപയും, 2014-2015 ൽ 10,44,66,655/- രൂപയും അനുവദിച്ചു. |

| | |
|---|---|
| | • കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും ആഭ്യന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കയർ കേരള അന്താരാഷ്ട്ര പ്രദർശനമേള 2012, 2013, 2014, 2015 എന്നീ വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു.<br>• ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.<br>• അംഗസംഘങ്ങളിൽ നിന്നും കയർഫെഡ് സംഭരിച്ച കയറിന് നൽകാനുള്ള തുകയായ 6.50 കോടി രൂപ കയർഫെഡിന് നടപ്പുവർഷം അനുവദിച്ചു.<br>• കയർ സഹകരണ സംഘങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിനായി കയർഫെഡിന് 2013-2014 ൽ 4,86,20,000/- രൂപ അനുവദിച്ചു.<br>• തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിന് സർക്കാർ അംഗീകാരം നൽകി.<br>കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-2013 വർഷം 18,39,60,000/- രൂപയും, 2013-2014 വർഷം 4,62,37,000/- രൂപയും 2014-15 വർഷം 8,98,13,000/- രൂപയും അനുവദിച്ചു. |
| ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) 2012-13 മുതൽ 2014 -15 വരെയുള്ള കാലയളവിൽ കയർ മേഖലയിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രവിഹിതം ഉൾപ്പെടെ 2011 -2012 ൽ പദ്ധതിയിനത്തിൽ 90,05,01,000/- രൂപയായിരുന്നത് 2012 - 2013 ൽ 104,70,00000/- രൂപയായും, 2013-2014 ൽ 116,37,00,000/- രൂപയായും, 2014 - 2015 ൽ 121,93,90,000/- രൂപയായും വർദ്ധിപ്പിച്ചു. |
| സി) ഓരോ സാമ്പത്തിക വർഷത്തിലും എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | സി) കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ 2011-2012 നേക്കാൾ 16.27% വർദ്ധനവ് 2012-2013 ലും, 2012-2013 നേക്കാൾ 11.46% വർദ്ധനവ് 2013-2014 ലും, 2013 - 2014 വർഷത്തേക്കാൾ 4.7856% വർദ്ധനവ് മുൻ |

| | |
|---|---|
| | വർഷവും (2014-2015) ഉണ്ട ായിട്ടു ണ്ട്. |
| ഡി) ഇത് മൂലം കയർ മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ട ായിട്ടു ള്ളതെന്ന് വിശദമാക്കുമോ.? | ഡി) പ്രസ്തുത നടപടികൾ മൂലം കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കാനും അതുവഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും സാഹചര്യമൊരുങ്ങി. ചില പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• കയർ മേഖലയിൽ കൂലി വർദ്ധനവ് നടപ്പിലാക്കിയതുമൂലം ഈ മേഖലയിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. കൂലി വർദ്ധനവ് നടപ്പിലാക്കിയതിനാൽ കൂടുതൽ തൊഴിലാളികൾ തൊഴിൽ സന്നദ്ധരായി കയർ മേഖലയിലേക്ക് വരുന്ന സാഹചര്യം ഉ ണ്ടായി. കയർ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉ ണ്ടാക്കുവാനും ഇതുമൂലം കഴിഞ്ഞി ട്ടുണ്ട്.<br>• പുനരുദ്ധാരണ പദ്ധതി പ്രകാരം കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകിയതുമൂലം കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പ്രസ്തുത പദ്ധതി പ്രകാരം 2011-12 ൽ 388 സംഘങ്ങൾക്കും, 2012-13 ൽ 440 സംഘങ്ങൾക്കും, 2013-14 ൽ 78 സംഘങ്ങൾക്കും പ്രവർത്തനമൂലധനം ലഭിച്ചു.<br>• ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകിയത് മേഖലയിലെ പ്രതിസന്ധി വലിയൊരളവുവരെ പരിഹരിക്കുന്നതിനും സാധിച്ചു. കയർഫെഡ് നവംബർ **2013** മുതൽ **2014** മെയ് 23 വരെ 12,04,81,802/- രൂപ വിലവരുന്ന 43710.82 ക്വിന്റലും, 06.08.2014 മുതൽ 05.09.2014 വരെ 4,35,56,658/- രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. ഇതുമൂലം ചകിരി ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു.<br>• ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.<br>• കയർ സംഭരണത്തിനായി 2012-2013, 2013-2014 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ വീതം അനുവദിച്ചതുകാരണം കൂടുതൽ കയർ സംഭരിച്ചിട്ടു ണ്ട്.<br>• കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.<br>• ക്രയവില സ്ഥിരതാ പദ്ധതി (PPSS) പ്രകാരമുള്ള സെയിൽസ് ടേൺ ഓവർ 2011 -12, 2012-13, |

| | |
|---|---|
| | 2013–14, 2014–15 വർഷങ്ങളിൽ യഥാക്രമം 5093.82 ലക്ഷം രൂപയും 5996.17 ലക്ഷം രൂപയും, 8749.98 ലക്ഷം രൂപയും, 9628.90 ലക്ഷം രൂപയായും വർദ്ധിച്ചു.<br>• ഇൻകം സപ്പോർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു.<br>• കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.<br>• കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.<br>കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും കയർഫെഡിനേയും, കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും അടിസ്ഥാനസൗകര്യം കൂടുതൽ ശക്തമാക്കി പ്രവർത്തനം ഊർജ്ജസ്വലമാക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ